Co-operative office for Call & foreigners Guidance at Sultanah


ശൈഖ് അബ്ദുൽ അസീസ് ബിൻ
അബ്ദുല്ലാഹ് ബിൻ ബാസ്


# സുപ്രധാന പാഠങ്ങൾ

MALBARI - 270


വിവർത്തനം
ഏ.കെ. അലവിക്കുട്ടി
(എ.ആർ. നഗർ)



**The Co-operative office for Call & foreigners Guidance at Sultanah**
Under the supervision of Ministry of Islamic Affairs and
Endowment and Call and Guidance
Tel 4240077 Fax 4251005 P.O. Box 92675 Riyadh 11663 E-mail Sultanah22@hotmail.com

ശൈഖ് അബ്ദുൽ അസീസ് ബിൻ
അബ്ദുല്ലാഹ് ബിൻ ബാസ്

# സുപ്രധാന പാഠങ്ങൾ

വിവർത്തനം
ഏ.കെ. അലവിക്കുട്ടി
(ഏ.ആർ. നഗർ)

ح المكتب التعاوني للدعوة والإرشاد بسلطانة، ١٤١٧هـ

فهرسة مكتبة الملك فهد الوطنية أثناء النشر

ابن باز، عبدالعزيز بن عبدالله

الدروس المهمة لعامة الأمة/ ترجمة علوي كوتي بن أحمد - الرياض،

٣٢ ص ؛ ١٢×١٧ سم

ردمك : X - ٣١ - ٨٢٨ - ٩٩٦٠

(النص باللغة المليبارية)

١- الإسلام - مبادئ عامة ٢- الثقافة الإسلامية

أ- ابن أحمد، علوي كوتي (مترجم) ب- العنوان

ديوي ٢١١ ١٧/١٤٥٣

رقم الإيداع ١٧/١٤٥٣

ردمك : X - ٣١ - ٨٢٨ - ٩٩٦٠

# സുപ്രധാന പാഠങ്ങൾ

بسم الله الرحمن الرحيم

സർവ്വലോക രക്ഷിതാവായ അല്ലാഹുവിന് സർവ്വ സ്തുതിയും. ഭക്തന്മാർക്കാണ് അന്തിമരക്ഷ. അല്ലാഹുവിന്റെ ദാസനും ദൂതനുമായ മുഹമ്മദ് നബി(സ)യിലും അവിടുത്തെ അനുചരന്മാരിലും കുടുംബത്തിലും അല്ലാഹു നന്മ വർഷിപ്പിക്കുകയും ശാന്തി നൽകുകയും ചെയ്യട്ടെ.

സാധാരണക്കാർ ഇസ്ലാം മതത്തെപ്പറ്റി നിർബന്ധമായറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുടെ ലഘുവിവരണമാണിത്. 'പൊതു ജനങ്ങൾക്കായി ചില സുപ്രധാന പാഠങ്ങൾ' എന്നാണിതിന് ഞാൻ പേരിട്ടത്. അല്ലാഹുവേ, എന്നിൽ നിന്നും ഇത് സ്വീകരിക്കേണമേ...... മുസ്ലിംകൾക്ക് ഉപകാരപ്രദവുമാക്കണമേ. അവൻ ഉദാരനും ബഹുമാന്യനുമത്രെ.

അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹ് ബിൻ ബാസ്

# 'പൊതുജനങ്ങൾക്കായുള്ള ചില സുപ്രധാന പാഠങ്ങൾ'

## ഒന്ന്:

## ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളുടെ വിവരണം:

അതിൽ പ്രഥമവും പ്രധാനവുമായത് لا اله الله محمد رسول الله (ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുൻ റസൂലുല്ലാഹ്) എന്ന സാക്ഷ്യ വചനമാകുന്നു. ഈ വചനങ്ങളുടെ ആശയങ്ങളും നിബന്ധനകളും വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. 'ലാ ഇലാഹ്' എന്ന പദം അല്ലാഹുവിന് പുറമെയുള്ള സർവ്വ ആരാധ്യവസ്തുക്കളെയും നിഷേധിക്കുന്നു. 'ഇല്ലല്ലാഹു' എന്നപദം മുഴുവൻ ആരാധനകളും യാതൊരു പങ്കുകാരനുമില്ലാത്ത അല്ലാഹുവിന് മാത്രമായിരിക്കണമെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു.

ജ്ഞാനം, ദൃഢ വിശ്വാസം, ആത്മാർഥത, സത്യസന്ധത, സ്നേഹം, അനുസരണം, അംഗീകാരം, അല്ലാഹുവിന് പുറമെയുള്ള ആരാധ്യവസ്തുക്കളുടെ നിരാകരണം എന്നിവ لا اله الا الله എന്നതിന്റെ നിബന്ധനകളാകുന്നു.

താഴെപ്പറയുന്ന രണ്ട് പദ്യങ്ങളിൽ ഇക്കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

علم يقين واخلاص وصدقك     مع محبة وانقياد والقبول لها
وزيد ثامنها الكفران منك بما     سوى الإله من الأشياء قد ألها

മുഹമ്മദ് നബി(സ) പറഞ്ഞത് അംഗീകരിക്കുക, അദ്ദേഹം കല്പിച്ചത് അനുസരിക്കുക, വിലക്കിയത് വർജ്ജിക്കുക, അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും നിർദ്ദേശമനുസരിച്ചുമാത്രം ആരാധനാകർമ്മങ്ങൾ ചെയ്യുക എന്നിവയെല്ലാം محمد رسول الله (മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു) എന്ന സാക്ഷ്യം അതിന്റെ വിവക്ഷയിൽ പെടുന്നു. നമസ്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ് എന്നിവയാണ് ഇസ്ലാം മതത്തിന്റെ മറ്റു സ്തംഭങ്ങൾ

## രണ്ട്:

വിശ്വാസകാര്യങ്ങൾ ആറെണ്ണമാകുന്നു, അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും നന്മതിന്മകളിലും വിശ്വസിക്കുക.

## മൂന്ന്:

തൗഹീദ് മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു توحيد الربوبية، توحيد الألوهية، توحيد الأسماء والصفات എന്നിവയാണവ.

**1. തൗഹീദുർറുബൂബിയ്യ (രക്ഷാകർതൃത്വത്തിലുള്ള ഏകത്വം).**

സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവും ക്രയവിക്രയം ചെയ്യുന്നവനും അല്ലാഹുവാണ്. അതിലവന് മറ്റു പങ്കുകാരില്ല എന്ന വിശ്വാസമാണിത്.

**2.** തൗഹീദുൽ ഉലൂഹിയ്യഃ(ആരാധ്യനായിരിക്കുക എന്നതിലെ ഏകത്വം):

ആരാധനക്കർഹൻ അല്ലാഹുമാത്രമാണെന്നും അതിൽ അവന് പങ്കാളികളാരുമില്ലെന്നും അംഗീകരിക്കുക എന്നതാണ് 'ഉലൂഹിയ്യത്തി'ലെ തൗഹീദ്. 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന വചനത്തിന്റെ ആശയം ഇത് തന്നെയാണ്. ആയതിനാൽ നമസ്കാരം നോമ്പ് തുടങ്ങിയ എല്ലാ ആരാധനകളും അല്ലാഹുവിന് മാത്രമേ അർപ്പിക്കാൻ പാടുള്ളൂ. അവയൊന്നും മറ്റൊരാൾക്കും സമർപ്പിക്കാവതല്ല.

**3.** തൗഹീദുൽ അസ്മാഇ വസ്സിഫാത്ത് (നാമവിശേഷണങ്ങളിലെ ഏകത്വം):

പരിശുദ്ധ ഖുർആനിലും പ്രബലമായ ഹദീസുകളിലും വന്നിട്ടുള്ള അല്ലാഹുവിന്റെ നാമങ്ങൾ, വിശേഷണങ്ങൾ എന്നിവയിൽ വിശ്വസിക്കുക. ഈ നാമവിശേഷണങ്ങൾ യാതൊരു മാറ്റത്തിരുത്തലുകൾക്കും വിധേയമാക്കാതെയും രൂപസാദൃശ്യവ്യാഖ്യാനങ്ങൾ നൽകാതെയും അല്ലാഹുവിന്റെ മഹത്വത്തിന് യോജ്യമായ വിധം അംഗീകരിക്കുക. അല്ലാഹു പറയുന്നു:

قل هو الله احد ، الله الصمد ، لم يلد ولم يولد ، ولم يكن له كفوا أحد [(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ്, എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരും ഇല്ലതാനു. -ഇഖ്ലാസ് 1-4]

അല്ലാഹു പറയുന്നു: ليس كمثله شيئ وهو السميع البصير

[അവനെപ്പോലെ യാതൊരു വസ്തുപോലും ഇല്ല. അവൻ (എല്ലാം) കേൾക്കുന്ന വനാണ്, കാണുന്നവനാണ് -ശൂറാ: 11]

നാമവിശേഷണങ്ങളിലുള്ള ഏകത്വം റുബൂബിയ്യത്തിന്റെ ഭാഗമായി എണ്ണിയ ചിലർ തൗഹീദിനെ രണ്ട് ഭാഗമായും വിഭജിച്ചിരിക്കുന്നു. ഉദ്ദേശ്യം സഫലമാകുന്നതിനാൽ ഈ വിഭജനം കൊണ്ട് പ്രശ്നമൊന്നുമില്ല.

ശിർക്ക് മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു: വലിയ ശിർക്ക്, ചെറിയ ശിർക്ക്, ഗോപ്യമായ ശിർക്ക്.

വലിയ ശിർക്ക്: ഇതുമുഖേന ഒരാളുടെ കർമ്മങ്ങൾ നിഷ്ഫലമാകുകയും നരകത്തിൽ അവർ ശാശ്വത വാസികളാകുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു: ولو اشركوا لحبط عنهم ما كانوا يعملون [അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവർക്ക് (ഫലപ്പെടാതെ) നിഷ്ഫലമായിപ്പോകുമായിരുന്നു. -അൻആം:88]

അല്ലാഹു പറയുന്നു: ما كان للمشركين ان يعمروا مساجد الله شاهدين على انفسهم بالكفر اولئك حبطت اعمالهم وفي النار هم خالدون [ബഹുദൈവവാദികൾക്ക് സത്യനിഷേധത്തിന് സ്വയം സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട് അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കാനവകാശമില്ല. അവരുടെ കർമ്മങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. നരകത്തിലാകട്ടെ, അവർ സ്ഥിരവാസികളുമായിരിക്കും -തൗബ: 17] അപ്രകാരം ശിർക്കുമായി വല്ലവനും മരിച്ചാൽ അവന് പാപമോചനമില്ല. സ്വർഗ്ഗം അവന് നിഷിദ്ധവുമായി. അല്ലാഹു പറഞ്ഞു: ان الله لا يغفر ان يشرك به ويغفر ما دون ذلك لمن يشاء [തന്നോട്

പങ്കു ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുകയും ചെയ്യും -നിസാഅ്: 48] انه من يشرك بالله فقد حرم الله عليه الجنة ومأواه النار وما للظلمين من انصار [അല്ലാഹുവിനോട് ആരെങ്കിലും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കിയിരിക്കുന്നു. അവന്റെ സങ്കേതം നരകവുമായിരിക്കും. അക്രമികൾക്ക് സഹായികളായി (ആരും) ഇല്ലതാനും -മാഇദ: 72]

മരിച്ചവരോടും വിഗ്രഹങ്ങളോടുമുള്ള പ്രാർഥന, അവരോടുള്ള സഹായാഭ്യർഥന, അവർക്ക് നേർച്ചയർപ്പിക്കൽ, അവർക്ക് വേണ്ടി ബലിയറുക്കൽ തുടങ്ങിയവ ഈ ഗണത്തിൽ പെടുന്നു.

ചെറിയ ശിർക്ക്: ഖുർആനിലോ സുന്നത്തിലോ ശിർക്ക് എന്ന പേർ ഉപയോഗിക്കപ്പെട്ടവയാണ് ഇതുകൊണ്ടുള്ള വിവക്ഷ. പക്ഷേ അത് വലിയ ശിർക്കിന്റെ ഇനത്തിൽപെട്ടതല്ല. ചില കർമ്മങ്ങളിലെ ലോകമാന്യം, അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യൽ, അല്ലാഹുവും ഇന്നയാളും ഉദ്ദേശിച്ചാൽ എന്ന് പറയൽ തുടങ്ങിയകാര്യങ്ങളൊക്കെ ഇതിൽപെടും. നബി(സ) പറയുന്നു: أخوف ما اخاف عليكم الشرك الأصغر فسئل عنه فقال : "الرياء" [നിങ്ങളുടെ കാര്യത്തിൽ ഞാനേറെ ഭയപ്പെടുന്നത് ചെറിയ ശിർക്കാണ്. അപ്പോൾ തിരുമേനി (സ)യോട് അതേപ്പറ്റി ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: “ലോകമാന്യം ആകുന്നു അത്” അഹ്മദ്, ത്വബ്റാനി, ബൈഹഖി]

നബി(സ) പറഞ്ഞു: من حلف بشيئ دون الله فقد اشرك [അല്ലാഹു അല്ലാത്തവയെക്കൊണ്ട് സത്യം ചെയ്തവനാരോ

അവൻ ശിർക്ക് ചെയ്തു- അഹ്മദ്]

من حلف بغير الله فقد كفر او اشرك അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്തവനാരോ, അവൻ അവിശ്വാസിയായി. അല്ലെങ്കിൽ ബഹുദൈവാരാധകനായി -അബൂദാവൂദ് തിർമിദി] لا تقولوا ماشاء الله وشاء فلان؛ ولكن قولوا ماشاء الله ثم شاء فلان [അല്ലാഹുവും അദ്ദേഹവും ഉദ്ദേശിച്ചത് എന്ന് നിങ്ങൾ കൂട്ടിപ്പറയരുത്. പക്ഷെ 'അല്ലാഹു ഉദ്ദേശിച്ചത്', പിന്നെ അദ്ദേഹം ഉദ്ദേശിച്ചത് എന്ന് (വേണമെങ്കിൽ) പറയാം.]

ഇത്തരത്തിൽപെട്ട ചെറിയ ഇനം ശിർക്ക് കൊണ്ട് മതപരിത്യാഗമോ നരകത്തിൽ ശാശ്വതവാസമോ വന്നുചേരുകയില്ല. പക്ഷെ ഇവയെല്ലാം തൗഹീദിന്റെ പൂർണ്ണതക്ക് നിരക്കാത്തവയാകുന്നു.

ഗോപ്യമായ ശിർക്ക്: നബി(സ) പറയുന്നു: ألا أخبركم بما هو أخوف عليكم عندي من المسيح الدجال؟ قالوا: بلى يا رسول الله، قال: "الشرك الخفي، يقوم الرجل فيصلي فيزين صلاته لما يرى من نظر الرجل إليه [നിങ്ങളുടെ കാര്യത്തിൽ മസീഹുദ്ദജ്ജാലിനേക്കാൾ ഞാൻ ഭയപ്പെടുന്നത് എന്തെന്ന് നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? അവർ പറഞ്ഞു: അതെ. തിരുമേനി (സ) പറഞ്ഞു: ഗോപ്യമായ ശിർക്കാണത്. ഒരാൾ നമസ്കരിക്കാൻ നിൽക്കുന്നു. മറ്റൊരാൾ അത് കാണുന്നു. അപ്പോൾ അവൻ ആ നമസ്കാരം നന്നാക്കുന്നു -അഹ്മദ്]

ശിർക്കിനെ വലുതും ചെറുതും എന്ന് രണ്ടായി മാത്രം വിഭജിക്കാവുന്നതാണ്. അപ്പോൾ മൂന്നാമത് പറഞ്ഞ ഗോപ്യമായ ശിർക്ക് അവ രണ്ടിനെയും ഉൾക്കൊള്ളും. ആത്മ രക്ഷക്കായി ഇസ്‌ലാമിനെ പരസ്യമായി അംഗീകരിക്കുകയും വികലമായ

വിശ്വാസം ഉള്ളിൽ വെക്കുകയും ചെയ്യുന്ന കപടന്മാർ വലിയ ശിർക്കിൽ തന്നെയാണ് നിലകൊള്ളുന്നത്.

## നാല്:

**ഇഹ്സാൻ എന്നാൽ:**

അല്ലാഹുവിനെ നീ കാണുന്നത് പോലെ അവനെ ആരാധിക്കുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ടല്ലോ. ഇതാണ് യഥാർഥത്തിലുള്ള നന്മ.

## അഞ്ച്:

സൂറത്തുൽ ഫാതിഹയും സൂറത്തുൽ സിൽസിലഃ ( الزلزلة ) മുതൽ സൂറത്തുന്നാസ് ( الناس ) വരെയുള്ള ചെറിയ അധ്യായങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. സ്വയം മനഃപാഠമാകാനും പാരായണം മെച്ചമാക്കാനും ആശയങ്ങൾ ഗ്രഹിക്കാനും ഉതകുന്നതാണ് അത്.

## ആറ്:

നമസ്കാരത്തിന്റെ ശർത്തുകൾ(നിബന്ധനകൾ) ഒമ്പതാണ്. ഇസ്ലാം, ബുദ്ധി, വിവേചനശക്തി, അശുദ്ധിയിൽ നിന്നുള്ള മുക്തി, മാലിന്യങ്ങൾ നീക്കൽ, നഗ്നത മറയ്ക്കൽ, സമയമാവൽ, ഖിബ്ലയെ അഭിമുഖീകരിക്കൽ,നിയ്യത്ത് എന്നിവയാണവ.

## ഏഴ്:

നമസ്കാരത്തിന്റെ ഫർദുകൾ (അവിഭാജ്യഘടക

ങ്ങൾ) പതിനാലാകുന്നു. കഴിവുള്ളവൻ നിൽക്കൽ, തക്ബീറത്തുൽ ഇഹ്റാം, ഫാതിഹ ഓതൽ, റുകൂഅ്, റുകൂഇന് ശേഷം നിവർന്ന് നിൽക്കൽ, ഏഴ് അംഗങ്ങൾ കൊണ്ടുള്ള സുജൂദ് (സാഷ്ടാംഗ പ്രണാമം), സുജൂദിൽ നിന്നുയരൽ, രണ്ട് സുജൂദുകൾക്കിടയിലെ ഇരുത്തം, എല്ലാകർമ്മങ്ങൾക്കിടയിലുമുള്ള അച്ചടക്കം, ഫർദുകളിൽ ക്രമം പാലിക്കൽ, അവസാനത്തെ തശഹ്ഹുദ്, അതിന്വേണ്ടി ഇരിക്കൽ, നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലൽ, രണ്ട് തവണ സലാം ചൊല്ലൽ എന്നിവയാണവ.

## എട്ട്:

നമസ്കാരത്തിന്റെ വാജിബാത്തുകൾ (നിർബന്ധ കാര്യങ്ങൾ) എട്ടാകുന്നു.

- പ്രാരംഭ തക്ബീറല്ലാത്ത എല്ലാ തക്ബീറുകളും.
- ഇമാമും ഒറ്റക്ക് നമസ്കരിക്കുന്നവരും سمع الله لمن حمده (സമിഅല്ലാഹു ലിമൻ ഹമിദഃ) എന്ന് പറയൽ
- എല്ലാവരും ربنا ولك الحمد (റബ്ബനാ വലകൽ ഹംദ്) എന്ന് പറയൽ
- റുകൂഇൽ سبحان ربي العظيم (സുബ്ഹാന റബ്ബിയൽ അദീം) എന്ന് ചൊല്ലൽ
- സുജൂദിൽ سبحان ربي الأعلى (സുബ്ഹാന റബ്ബിയൽ അഅ്ലാ) എന്ന് ചൊല്ലൽ
- രണ്ട് സുജൂദുകൾക്കിടയിൽ ربي اغفرلي (റബ്ബിഗ്ഫിർ ലീ) എന്ന് പറയൽ

- ആദ്യത്തെ തശഹ്ഹുദ്
- അതിന് വേണ്ടി ഇരിക്കൽ

**ഒമ്പത്:**

തശഹ്ഹുദ്: التحيات لله والصلوات والطيبات السلام عليك ايها النبي ورحمة الله وبركاته السلام علينا وعلي عباد الله الصالحين، اشهد ان لا اله الا الله واشهد ان محمد عبده ورسوله അത്തഹിയ്യാത്തുലില്ലാഹി വസ്വലവാത്തു വത്ത്വയ്യിബാത്തു അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു വറഹ്മത്തുല്ലാഹി വബറകാത്തുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹിസ്വാലിഹീൻ. അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു.

(എല്ലാ അഭിവാദ്യങ്ങളും പ്രാർഥനകളും പുണ്യകർമ്മങ്ങളും അല്ലാഹുവിനാണ്. അല്ലാഹുവിങ്കൽ നിന്നുള്ള ശാന്തിയും കാരുണ്യവും അനുഗ്രഹങ്ങളും പ്രവാചകരെ, അങ്ങയുടെ മേൽ ഉണ്ടാകട്ടെ. ഞങ്ങളിലും സദ്‌വൃത്തരായ അല്ലാഹുവിൻെറ അടിമകളിലും അല്ലാഹുവിൽ നിന്നുള്ള ശാന്തിയുണ്ടാകട്ടെ. അല്ലാഹുവ്ല്ലാതെ ആരാധനക്കർഹനായി ആരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്(സ) അല്ലാഹുവിൻെറ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു)

പിന്നീട് നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുക.

اللهم صل على محمد وعلى آل محمد كما صليت على ابراهيم وعلى آل ابراهيم انك حميد مجيد . وبارك على محمد وعلى آل محمد كما باركت على ابراهيم وعلى آل ابراهيم انك حميد مجيد .

അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്. വബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്.

[അല്ലാഹുവേ, ഇബ്റാഹീം(അ)നും കുടുംബത്തിനും നീ നന്മ ചെയ്തപോലെ മുഹമ്മദ് (സ)യ്ക്കും കുടുംബത്തിനും നീ നന്മ ചെയ്യേണമേ.... നിശ്ചയമായും നീ സ്തുത്യർഹനും ശ്രേഷ്ഠനുമാണ്. അല്ലാഹുവേ, ഇബ്റാഹീം(അ) നും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തപോലെ മുഹമ്മദ് (സ)ക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ. നിശ്ചമായും നീ സ്തുത്യർഹനും ശ്രേഷ്ഠനുമാണ്].

ശേഷം അവസാനത്തെ തശഹ്ഹുദിൽ നരകശിക്ഷയിൽ നിന്നും ഖബ്റിലെ ദുരിതങ്ങളിൽ നിന്നും ജീവിത മരണങ്ങളിലെയും മസീഹുദ്ദജ്ജാലിന്റെയും കുഴപ്പത്തിൽ നിന്നും അല്ലാഹുവോട് അഭയം തേടണം. അതിനുശേഷം താനിഷ്ടപ്പെടുന്ന പ്രാർഥന നടത്താം. പ്രവാചകചര്യകളിൽ സ്ഥിരപ്പെട്ട പ്രാർഥനകൾക്ക് പ്രാധാന്യമുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

اللهم أعني على ذكرك وشكرك وحسن عبادتك അല്ലാഹുമ്മ അഇന്നീ അലാ ദിക്രിക വ ശുക്രിക വ ഹുസ്നി ഇബാദത്തിക [അല്ലാഹുവേ... നിന്നെ സദാ ഓർക്കാനും നിന്നോട് നന്ദികാണിക്കാനും നിന്നെ നല്ല നിലയിൽ ആരാധിക്കുവാനും എന്നെ നീ സഹായിക്കേണമേ...]

اللهم اني ظلمت نفسي ظلما كثيرا ولا يغفر الذنوب الا انت فاغفرلي مغفرة من عندك وارحمني انك انت الغفور الرحيم

അല്ലാഹുമ്മ ഇന്നീ ളലംതു നഫ്സീ ളുൽമൻ കഥീറൻ വലാ യഗ്ഫിറു ദ്ദുനൂബ ഇല്ലാ അൻത ഫഗ്ഫിർലീ മഗ്ഫിറതൻ മിൻ ഇൻദിക വർഹംനീ ഇന്നക അൻതൽ ഗഫൂറുർ റഹീം. [അല്ലാഹുവേ, ഞാനെന്നോടുതന്നെ ധാരാളം അക്രമം പ്രവർത്തിച്ചുപോയി. പാപങ്ങൾ പൊറുക്കാൻ നീയല്ലാതെ മറ്റാരുമില്ല. എനിക്ക് നീ പാപമോചനം നൽകുകയും എന്നോട് കരുണകാണിക്കുകയും ചെയ്യേണമേ. നീ കരുണാനിധിയും പാപമോചനം നൽകുന്നവനുമാകുന്നു].

പത്ത്:

നമസ്കാരത്തിന്റെ സുന്നത്തുകൾ:

1. പ്രാരംഭ പ്രാർഥന
2. റുകൂഇന്റെ മുമ്പും ശേഷവും നിൽക്കുമ്പോൾ വലതു കൈപ്പത്തി ഇടതു കയ്യിന്മേൽ വെച്ച് നെഞ്ചിൽ വെയ്ക്കുക.
3. തക്ബീറതുൽ ഇഹ്റാമിൽ വിരലുകൾ ചേർത്തുപിടിച്ചു കൈകൾ രണ്ടും ചുമലിനുനേരെയോ ചെവികൾക്കു നേരെയോ ഉയർത്തുക. അപ്രകാരം റുകൂഇലേക്ക് പോകുമ്പോഴും റുകൂഇൽ നിന്നുയരുമ്പോഴും ഒന്നാമത്തെ തശഹ്ഹുദിൽ നിന്ന് മൂന്നാമത്തെ റക്അത്തിലേക്ക് ഉയരുമ്പോഴുമെല്ലാം ചുമലിനു നേരെ കൈകളുയർത്തുക.
4. റുകൂഇലും സുജൂദിലും ഒന്നിൽ കൂടുതൽ തസ്ബീഹുകൾ നടത്തുക.

5. റുകൂഇൽ നിന്നുയർന്ന ശേഷം ربنا ولك الحمد എന്ന ദിക്റിനേക്കാൾ കൂടുതൽ ചൊല്ലുന്നതും രണ്ടു സുജൂദുകൾക്കിടയിലുള്ള ഇരുത്തത്തിൽ പാപമോചനത്തിനു വേണ്ടിയുള്ള പ്രാർഥനയുൾക്കൊള്ളുന്ന ഒന്നിലേറെ പ്രാർഥനകൾ നടത്തുകയും ചെയ്യുക.

6. റുകൂഇൽ തലയും മുതുകും ഒരേ നിലയിൽ വരത്തക്കവിധം കുനിഞ്ഞു നിൽക്കുക.

7. സുജൂദിൽ രണ്ട് പാർശ്വങ്ങളിൽ നിന്നും കൈകളും തുടകളിൽ നിന്ന് വയറും കണങ്കാലുകളിൽ നിന്ന് രണ്ട് കാൽ തുടകളും അകറ്റിപ്പിടിക്കുക.

8. സുജൂദിൽ കൈത്തണ്ടുകൾ നിലത്ത് തട്ടാതെ ഉയർത്തിപ്പിടിക്കുക (നിലത്ത് ചേർത്തു വെയ്ക്കരുത്).

9. ഒന്നാമത്തെ തശഹ്ഹുദിലും രണ്ട് സുജൂദുകൾക്കിടയിലും വലതുകാൽപാദം നാട്ടിവെച്ച് ഇടത് കാൽപാദം പരത്തിവെച്ച് അതിന്മേൽ ഇരിക്കുക.

10. മൂന്നും നാലും റക്അത്തുകളുള്ള നമസ്കാരത്തിൽ അവസാനത്തെ തശഹ്ഹുദിൽ തവർറുക്കിന്റെ ഇരുത്തം ഇരിക്കുക. (വലതുകാൽ നാട്ടിവെച്ച് ഇടതുകാൽ വലതുകാലിന്റെ താഴ്ഭാഗത്തു വരത്തക്കവിധം നിലത്തൂന്നി ഇരിക്കുക)

11. ഒന്നും രണ്ടും തശഹ്ഹുദുകളിൽ ഇരുന്നതുമുതൽ തശഹ്ഹുദിന്റെ അവസാനം വരെ ചൂണ്ടുവിരൽ ഉയർത്തുകയും ദുആയുടെ സമയങ്ങളിൽ അത് ചലിപ്പിക്കുകയും ചെയ്യുക.

12. ഒന്നാമത്തെ തശഹ്ഹുദിൽ മുഹമ്മദ് നബി(സ) യുടെയും ഇബ്റാഹിം നബി(അ) ൻെറയും അവരുടെ കുടുംബങ്ങളുടേയും പേരിൽ അനുഗ്രഹവും സമാധാനവും നേർന്നുകൊണ്ടുള്ള സ്വലാത്ത് ചൊല്ലുക.

13. അവസാനത്തെ തശഹ്ഹുദിൽ പ്രാർഥിക്കുക.

14. ഫജ്റിലും ജുമുഅയിലും രണ്ട് പെരുന്നാൾ നമസ്കാരങ്ങളിലും മഴക്കുവേണ്ടിയുള്ള നമസ്കാരത്തിലും മഗ്രിബ്, ഇശാഅ് എന്നീ നമസ്കാരങ്ങളിലെ ആദ്യത്തെ രണ്ട് റക്അത്തുകളിലും ഖുർആൻ ഉച്ചത്തിൽ പാരായണം ചെയ്യുക.

15. ദുഹർ, അസ്വർ, മഗ്രിബിലെ മൂന്നാമത്തെ റകഅത്ത് ഇശാഇലെ അവസാനത്തെ രണ്ട് റകഅത്തുകൾ എന്നിവയിൽ ഖുർആൻ പാരായണം പതുക്കെയാക്കുക.

16. ഖുർആനിൽ നിന്നും ഫാതിഹക്ക് പുറമെ മറ്റു സൂറത്തുകളിൽ നിന്ന് അല്പം പാരായണം ചെയ്യുക. റുകൂഇൽ നിന്നുയർന്നാൽ ربنا ولك الحمد എന്നതിനെക്കാൾ കൂടുതൽ വല്ലതും ചൊല്ലുന്നതും റുകൂഇൽ വിരലുകൾ വിടർത്തി കൈകൾ കാൽ മുട്ടുകളിൽ വെക്കുന്നതുമെല്ലാം ഇതുപോലെ സുന്നത്തുകളിൽപെടുന്നു.

## പതിനൊന്ന്

നമസ്കാരം ദുർബലമാക്കുന്ന കാര്യങ്ങൾ എട്ടാകുന്നു.

1. അറിവോടും ഓർമ്മയോടുംകൂടി മനഃപൂർവ്വം സംസാരിക്കുക. എന്നാൽ മറന്നോ അറിവില്ലാതെയോ ഒരാൾ സം

സാധിച്ചാൽ (അയാളുടെ) നമസ്കാരം ദുർബലമാവുകയില്ല

2. ചിരിക്കുക.
3. തിന്നുക.
4. കുടിക്കുക.
5. നഗ്നത വെളിവാകുക.
6. ഖിബ്‌ലയുടെ ഭാഗത്തുനിന്നും അധികം തെറ്റുക.
7. നമസ്കാരത്തിൽ നിരർഥകമായ പ്രവർത്തനങ്ങൾ തുടർച്ചയായി അധികരിപ്പിക്കുക.
8. ശുദ്ധി നഷ്ടപ്പെടുക.

## പന്ത്രണ്ട്

വുദുവിന്റെ നിബന്ധനകൾ പത്താകുന്നു

1. ഇസ്‌ലാമാകുക.
2. ബുദ്ധിയുണ്ടായിരിക്കുക
3. വിവേചന ശക്തിയുണ്ടാകുക
4. നിയ്യത്ത്
5. ശുദ്ധി പൂർത്തിയാകുന്നത്‌വരെ നിയ്യത്ത് നിലനിർത്തുക.
6. വുദു നിഷ്ഫലമാകുന്ന കാരണങ്ങൾ ഉണ്ടാകാതിരിക്കുക.
7. വുദുവിന്റെ മുമ്പ് കല്ലുകൊണ്ടോ വെള്ളം കൊണ്ടോ ശൗച്യം ചെയ്യുക.
8. ശുദ്ധിയുള്ളതും അനുവദനീയവുമായ വെള്ളം കൊണ്ടാവുക

9. വെള്ളം ചേരുന്നതിന് തടസ്സമായവ ചർമ്മത്തിൽ നിന്ന് നീക്കുക.

10. നിത്യ അശുദ്ധിയുള്ളവർക്ക് നമസ്കാരസമയം ആവുക.

## പതിമൂന്ന്:

വുദുവിന്റെ ഫർദുകൾ ആറാകുന്നു:

1. മുഖം കഴുകുക.വെള്ളം കവിൾ കൊള്ളുന്നതും മൂക്കിൽ വെള്ളം കയറ്റി പിഴിയുന്നതുമെല്ലാം ഇതിലുൾപ്പെടും.

2. രണ്ടു കൈകൾ മുട്ടുകൾ ഉൾപ്പെടുത്തി കഴുകുക.

3. തല മുഴുവനും തടവുക. കാതുകൾ തടവുന്നത് ഇതിലുൾപ്പെടുന്നു.

4. ഞെരിയാണി ഉൾപ്പെടുത്തി രണ്ടു കാലുകളും കഴുകുക.

5. ഈ ക്രമം പാലിക്കുക.

6. തുടർച്ചയായി ഇവ ചെയ്യുക

മുഖവും കൈകാലുകളും മൂന്ന് പ്രാവശ്യം കഴുകുന്നത് സുന്നത്താണ്. മൂക്കിൽ വെള്ളം കയറ്റി പിഴിയലും കവിൾ കൊള്ളലും അപ്രകാരം തന്നെ മൂന്ന് തവണ ചെയ്യൽ സുന്നത്താണ്. ഇവയെല്ലാം ഒരു തവണ കഴുകൽ ഫർദാണ്. എന്നാൽ തലതടവൽ ഒരു തവണയാണ്. ഇതിനാണ് ഹദീസുകളുടെ പിൻബലമുള്ളത്.

## പതിനാല്

വുദു ദുർബലപ്പെടുന്ന കാര്യങ്ങൾ ആറാകുന്നു

1. വിസർജ്ജ്യവസ്തുക്കൾ പുറത്തുവരൽ
2. ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് ഏതെങ്കിലും അശുദ്ധ വസ്തുക്കൾ പുറപ്പെടൽ (ഉദാ. രക്തം, ചലം പോലെയുള്ളവ. വിവ:)
3. ഉറക്കം കൊണ്ടോ മറ്റോ ബുദ്ധിയില്ലായ്മ സംഭവിക്കൽ.
4. നഗ്നമായ കൈകൊണ്ട് ഗുഹ്യ സ്ഥാനങ്ങൾ സ്പർശിക്കൽ
5. ഒട്ടകമാംസം കഴിക്കൽ
6. മതഭ്രംശം സംഭവിക്കൽ (അല്ലാഹു നമ്മെയും മുഴുവൻ മുസ്ലിംകളെയും അതിൽ നിന്നും കാത്തു രക്ഷിക്കട്ടെ).

ഒരു പ്രധാന കാര്യം:

മയ്യിത്ത് കുളിപ്പിക്കുന്നത് കൊണ്ട് വുദു മുറിയുന്നതല്ല. ഇതാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. എന്നാൽ മയ്യിത്ത് കുളിപ്പിക്കുന്നവൻ തന്റെ നഗ്നമായ കൈകൊണ്ട് മയ്യിത്തിന്റെ ഗുഹ്യസ്ഥാനം സ്പർശിച്ചാൽ അവന് വുദു നിർബന്ധമായി. കുളിപ്പിക്കുന്നവർ മയ്യിത്തിന്റെ ഗുഹ്യസ്ഥാനം കയ്യുറയോ മറ്റോ കൂടാതെ സ്പർശിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെത്തന്നെ സ്ത്രീയെ വികാരത്തോടെയോ അല്ലാതെയോ ബാഹ്യമായി സ്പർശിച്ചാൽ വുദു മുറിയുന്നതല്ല; വികാരത്താലുണ്ടാകുന്ന സ്ഖലനം സംഭവിച്ചാലല്ലാ

തെ. ഇതാണ് പണ്ഡിതന്മാർക്കിടയിലെ രണ്ടഭിപ്രായങ്ങളിലെ ഏറ്റവും ശരിയായ അഭിപ്രായം.കാരണം നബി(സ) തൻെറ ചില ഭാര്യമാരെ ചുംബിക്കുകയും പിന്നീട് വുദുചെയ്യാതെ നമസ്കരിക്കുകയും ചെയ്തിരുന്നു. സുറത്തു നിസാഅ്, സൂറത്ത് മാഇദ എന്നിവയിലെ أو لامستم النساء (അന്നി സാഅ് 43, മാഇദ 6) എന്ന വചനത്തിൻെറ വിവക്ഷ സ്ത്രീ പുരുഷ സംസർഗം എന്നത്രെ. ഇബ്നു അബ്ബാസിൻെറയും മുൻഗാമികളിലെയും പിൻഗാമികളിലെയും ഒരു വിഭാഗം പണ്ഡിതരുടെയും അഭിപ്രായം ഇതുതന്നെയാണ്.

## പതിനഞ്ച്:

മുസ്ലിംകളെല്ലാം മതം നിർദ്ദേശിച്ച സദാചാരനിയമങ്ങൾ അംഗീകരിക്കേണ്ടതുണ്ട്. സത്യം, വിശ്വസ്തത, മാന്യത, ശുദ്ധി, ലജ്ജ, ധീരത, ഉദാരത, കരാർ പാലനം. ജീവിത വിശുദ്ധി, അയൽക്കാരുമായുള്ള നല്ല ബന്ധം, കഴിവനുസരിച്ച് ആവശ്യക്കാരെ സഹായിക്കൽ തുടങ്ങി ഖുർആനും സുന്നത്തും നിർദ്ദേശിച്ച ഉൽകൃഷ്ട സ്വഭാവങ്ങൾ സ്വീകരിക്കുക.

## പതിനാറ്:

### ഇസ്ലാമിക മര്യാദകൾ പാലിക്കുക:

സലാം ചൊല്ലൽ, മുഖപ്രസന്നത, വലതു കൈകൊണ്ട് തിന്നുകയും കുടിക്കുകയും ചെയ്യുക, ഏതു നല്ല കാര്യത്തിൻെറയും തുടക്കത്തിൽ ബിസ്മി ചൊല്ലുക, ഭക്ഷണം കഴിച്ച് കഴിഞ്ഞാൽ അല്ലാഹുവിനെ സ്തുതിക്കുക, തുമ്മിയവൻ അല്ലാ

ഹുവിനെ സ്തുതിച്ചാൽ അവന് അനുഗ്രഹത്തിനായി പ്രാർഥിക്കുക, പള്ളിയിലും വീട്ടിലും പ്രവേശിക്കുമ്പോഴും പുറത്ത് പോവുമ്പോഴും യാത്രയിലായിരിക്കുമ്പോഴും മാതാപിതാക്കളോടും കുടുംബംഗങ്ങളോടും അയൽവാസികളോടും വലിയവരോടും ചെറിയവരോടുമെല്ലാം മര്യാദയോടെ വർത്തിക്കുക, നവജാത ശിശുവിന് വേണ്ടി ആശംസ നേരുക, വിവാഹത്തിന് മംഗളം നേരുക, ദുരിത ബാധിതനെ ആശ്വസിപ്പിക്കുക, കൂടാതെ വസ്ത്രം, പാദരക്ഷ എന്നിവ ധരിക്കുമ്പോഴും അഴിക്കുമ്പോഴും ഇസ്‌ലാമിക മര്യാദകൾ പാലിക്കുക മുതലായവയും അതിൽ പെട്ടതാണ്.

## പതിനേഴ്:

ശിർക്ക്, മറ്റു പാപങ്ങൾ എന്നിവയെ സംബന്ധിച്ചു ജാഗ്രത പുലർത്തുകയും അവയെക്കുറിച്ചു മുന്നറിയിപ്പു നൽകുകയും ചെയ്യുക.

വിനാശകരമായ ഏഴ് മഹാപാപങ്ങൾ:- അല്ലാഹുവിൽ പങ്ക് ചേർക്കുക, മാരണം, മനുഷ്യനെ അന്യായമായി വധിക്കുക, പലിശ തിന്നുക, അനാഥരുടെ സ്വത്ത് ഭുജിക്കുക, യുദ്ധരംഗത്ത് നിന്ന് പിന്തിരിഞ്ഞോടുക, വിശ്വാസിനികളും ചാരിത്രവതികളുമായ സ്ത്രീകൾക്കെതിരെ അപവാദ പ്രചരണം നടത്തുക എന്നിവയാണവ.

മാതാപിതാക്കളെ വെറുപ്പിക്കുക, കുടുംബബന്ധം മുറിക്കുക, കള്ളസാക്ഷ്യം പറയുക, കള്ളസത്യം ചെയ്യുക, അയൽവാസിയെ ബുദ്ധിമുട്ടിക്കുക, ജനങ്ങളുടെ രക്തം, സമ്പത്ത്,

അഭിമാനം എന്നിവയിൽ ദ്രോഹം ചെയ്യുക, ലഹരിവസ്തുക്കൾ ഉപയോഗിക്കുക, ചൂതാട്ടം, പരദൂഷണം, ഏഷണി തുടങ്ങി അല്ലാഹുവും റസൂലും വിരോധിച്ച മറ്റ് കാര്യങ്ങളും പാപങ്ങളിൽ പെടുന്നു.

## പതിനെട്ട്:

### മയ്യിത്ത് പരിപാലനവും മയ്യിത്ത് നമസ്കാരവും:-

1. മരണം ആസന്നമായവന് لا إله إلا الله എന്ന് ചൊല്ലിക്കൊടുക്കുക. നബി(സ) പറഞ്ഞു. لقنوا موتاكم لا إله إلا الله [നിങ്ങളിൽ മരണമാസന്നമായവർക്ക് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് ചൊല്ലിക്കൊടുക്കുവിൻ -മുസ്ലിം]

2. മരിച്ചുവെന്ന് ഉറപ്പായാൽ കണ്ണടച്ചുകൊടുക്കുക. നബി ചര്യയിൽ അപ്രകാരം വന്നിട്ടുണ്ട്.

3. മരിച്ച ഒരു മുസ്ലിമിനെ കുളിപ്പിക്കൽ നിർബന്ധമാണ്. എന്നാൽ അടർക്കളത്തിൽ വെച്ച് രക്തസാക്ഷിത്വം വരിച്ചവനാണെങ്കിൽ അവനെ കുളിപ്പിക്കുകയോ, അവന് വേണ്ടി നമസ്കരിക്കുകയോ ചെയ്യേണ്ടതില്ല. മരണം വരിച്ച അതേ വസ്ത്രത്തിൽ അവനെ മറവ് ചെയ്യുകയും വേണം. നബി(സ) ഉഹ്ദിൽ രക്തസാക്ഷികളായവരെ കുളിപ്പിക്കുകയോ അവർക്ക് നമസ്കരിക്കുകയോ ചെയ്തിട്ടില്ല.

4. മയ്യിത്ത് കുളിപ്പിക്കുന്ന രൂപം:

കുളിപ്പിക്കുമ്പോൾ മയ്യിത്തിന്റെ നഗ്നത മൂടിയിരിക്കണം. അല്പം ഉയർത്തി വയറ് മാർദ്ദവമായി ഉഴിയുക. കുളിപ്പിക്കുന്നവന്റെ കൈയിൽ ശീലയോ മറ്റോ ചുറ്റി അത്കൊണ്ട് ശൗച്യം

ചെയ്തു കൊടുക്കുക, ശേഷം നമസ്കാരത്തിന് വുദു ചെയ്യുന്ന പോലെ വുദു ചെയ്തുകൊടുക്കുക. പിന്നീട് തലയും താടിയും വെള്ളം കൊണ്ട് കഴുകുക. ഇലന്ത പോലുള്ള താളിയോ മറ്റോ ഉപയോഗിച്ച് വൃത്തിയാക്കുക. വലതുഭാഗവും ശേഷം ഇടതു ഭാഗവും കഴുകുക. ഇങ്ങനെ മൂന്നുതവണ ചെയ്യുക. എല്ലാ തവണയും അവന്റെ വയറിന്മേൽ കൈകൊണ്ട് തലോടുക. ഉള്ളിൽ നിന്ന് വല്ലതും പുറപ്പെട്ടാൽ അവിടെ കഴുകുകയും പരുത്തിയോ മറ്റോ വെച്ച് കെട്ടുകയും വേണം. ആവശ്യമെങ്കിൽ ചുട്ടകളിമണ്ണോ പ്ലാസ്റ്റർപോലുള്ള വസ്തുവോ വെച്ച് അടയ്ക്കാവുന്നതുമാണ്. അപ്പോൾ വീണ്ടും വുദു ചെയ്തു കൊടുക്കണം. മൂന്നുതവണകൊണ്ട് ശുദ്ധിയായില്ലെങ്കിൽ അഞ്ചോ ഏഴോ തവണ ആവർത്തിക്കേണ്ടതാണ്. ശേഷം തുണി കൊണ്ട് വെള്ളം ഒപ്പിയെടുക്കണം. ചുളിവുകളിലും സുജൂദിന്റെ അവയവങ്ങളിലും സുഗന്ധം ഉപയോഗിക്കുക. ശരീരമാകെ സുഗന്ധം ഉപയോഗിക്കുന്നത് നല്ലതുതന്നെ. കഫൻ ചെയ്യാനുള്ള വസ്ത്രം ഉലുവാൻ കൊണ്ട് പുകക്കണം. അവന്റെ മീശയോ നഖങ്ങളോ നീളമുള്ളതാണെങ്കിൽ അത് മുറിക്കണം. അത് ചെയ്തില്ലെങ്കിലും വിരോധമൊന്നുമില്ല. അവന്റെ മുടി ചീകുകയോ, ഗുഹ്യരോമം നീക്കുകയോ ചേലാകർമ്മം ചെയ്യുകയോ വേണ്ട. ഇതിനൊന്നും തെളിവുകളില്ല. സ്ത്രീയാണെങ്കിൽ അവളുടെ തലമുടി മൂന്നായി ഭാഗിച്ച് അവളുടെ പിൻഭാഗത്തേക്ക് താഴ്ത്തിയിടണം.

5. മയ്യിത്ത് കഫൻ ചെയ്യൽ:- പുരുഷനാണെങ്കിൽ ഏറ്റവും ഉത്തമമായ രീതി, തലപ്പാവോ, കുപ്പായമോ ഇല്ലാതെ വെളുത്ത മൂന്ന് വസ്ത്രത്തിൽ കഫൻ ചെയ്യുന്നതാണ്. നബി(സ)യെ

അങ്ങനെയാണ് കഫൻ ചെയ്തത്. വസ്ത്രങ്ങൾ ഒന്നിന് മേൽ ഒന്നായി ചുരുട്ടി വെക്കണം. ഇനി കുപ്പായവും തുണിയും ആകെ മൂടുന്ന ഒരു വസ്ത്രവുമാണ് ഉപയോഗിക്കുന്നതെങ്കിലും വിരോധമില്ല.

സ്ത്രീയെ അഞ്ച് തുണിയിലാണ് കഫൻ ചെയ്യേണ്ടത്. നീളൻ കുപ്പായം, മുഖമക്കന, അരയുടുപ്പ് ആകെ മൂടുന്ന രണ്ട് വസ്ത്രങ്ങൾ എന്നിവയാണ് അവ. ആൺകുട്ടികളെ ഒന്നുമുതൽ മൂന്നുവരെ വസ്ത്രത്തിൽ കഫൻ ചെയ്യാം. ചെറിയ പെൺകുട്ടിയെ ഒരു കുപ്പായത്തിലും ആകെ മൂടുന്ന രണ്ട് വസ്ത്രങ്ങളിലും ആണ് കഫൻ ചെയ്യേണ്ടത്. എന്നാൽ മയ്യിത്തിന്റെ ശരീരമാകെ മൂടുന്ന ഒരു വസ്ത്രമെങ്കിലും എല്ലാവർക്കും നിർബന്ധമാണ്. ഇഹ്റാമിൽ മരണപ്പെട്ടവരെ ഇലന്തപോലുള്ള താളി ഉപയോഗിച്ച് കുളിപ്പിക്കുകയും അവന്റെ ഉടുതുണിയും മുണ്ടും ഉപയോഗിച്ച് കഫൻ ചെയ്യുകയും വേണം. അവന്റെ തലയും മുഖവും മൂടുകയോ സുഗന്ധം ഉപയോഗിക്കുകയോ ചെയ്യരുത്. പുനരുത്ഥാന നാളിൽ തൽബിയത്ത് ചൊല്ലിക്കൊണ്ടാണ് അത്തരക്കാർ ഉയർത്തെഴുന്നേല്പിക്കപ്പെടുക എന്ന് നബി(സ) പറഞ്ഞിരിക്കുന്നു. സ്ത്രീ ഇഹ്റാമിൽ മരണപ്പെടുകയാണെങ്കിൽ സാധാരണ സ്ത്രീകളെപ്പോലെ തന്നെ അവളെയും കഫൻ ചെയ്യാം. പക്ഷെ സുഗന്ധം ഉപയോഗിക്കുകയോ മുഖംമൂടി ഉപയോഗിക്കുകയോ കയ്യുറ ധരിപ്പിക്കുകയോ ചെയ്യരുത്. എന്നാൽ അവളുടെ മുഖവും കൈകളും കഫൻ പുടവകൊണ്ട് മറയ്ക്കേണ്ടതാണ്. സ്ത്രീകളെ കഫൻ ചെയ്യേണ്ട രൂപം നേരത്തെ വിശദീകരിച്ചിട്ടുണ്ടല്ലോ.

6. മയ്യിത്ത് പുരുഷന്റേതാണെങ്കിൽ, മയ്യിത്തിനെ കുളിപ്പിക്കു

ക, നമസ്കരിക്കുക, മറവ് ചെയ്യുക എന്നിവയ്ക്ക് ജനങ്ങളിൽ ഏറ്റവും അവകാശപ്പെട്ടവൻ അയാൾ വസിയ്യത്ത് മുഖേന നിർദ്ദേശിച്ച വ്യക്തിയാണ്. പിന്നീട് പിതാവ്, പിതാമഹൻ, അനന്തരാവകാശികളിൽ ഏറ്റവും അടുത്തവർ എന്ന ക്രമത്തിലായിരിക്കും. സ്ത്രീയാണെങ്കിൽ അവൾ വസിയ്യത്ത് ചെയ്തവരാരാണോ അവൾ കുളിപ്പിക്കേണ്ടതാണ്. പിന്നീട് മാതാവ്, മാതാമഹി, അടുത്ത കുടുംബത്തിൽപെട്ട സ്ത്രീകൾ എന്ന ക്രമത്തിലുമായിരിക്കണം. ഭാര്യാ ഭർത്താക്കന്മാർക്ക് പരസ്പരം കുളിപ്പിക്കാവുന്നതാണ്. അബൂബക്കർ സിദ്ദീഖ് (റ) നെ കുളിപ്പിച്ചത് അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. അലി(റ) ആണ് തന്റെ ഭാര്യ ഫാത്തിമ (റ)യെ കുളിപ്പിച്ചത്

7. മയ്യിത്ത് നമസ്കാരത്തിന്റെ രൂപം:- മയ്യിത്ത് നമസ്കാരത്തിൽ നാല് തക്ബീറുകളാണ് വേണ്ടത്. ഒന്നാമത്തേതിന് ശേഷം ഫാതിഹ പാരായണം ചെയ്യുക. അതോടൊപ്പം ചെറിയ സൂറത്തോ ഒന്നോ രണ്ടോ സൂക്തങ്ങളോ ഓതുന്നതും നല്ലതാണ്. ഇബ്നു അബ്ബാസ്(റ)ൽ നിന്ന് ഈ വിഷയത്തിൽ ഹദീസ് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. രണ്ടാമത്തെ തക്ബീർ ചൊല്ലി തശഹ്ഹുദിലെ സ്വലാത് പോലെ സ്വലാത്ത് ചൊല്ലുകയും വേണം. മൂന്നാമത്തെ തക്ബീറിന് ശേഷം ഇങ്ങനെ പ്രാർഥിക്കണം.

اللهم اغفر لحينا وميتنا وشاهدنا وغائبنا وصغيرنا وكبيرنا وذكرنا وانثانا اللهم من احييته منا فاحيه على الاسلام ومن توفيته منا فتوفه على الإيمان اللهم اغفرله وارحمه وعافه واعف عنه واكرم نزله ووسع مدخله واغسله بالماء والثلج والبرد ونقه من الخطايا كما ينقى الثوب الأبيض من الدنس وابدله دارا خيرا من داره واهلا خيرا من اهله وادخله الجنة واعذه من عذاب القبر وعذاب النار وافسح له في قبره ونور له فيه. اللهم لا تحرمنا اجره ولا تضلنا بعده.

അല്ലാഹുമ്മ ഇഗ്ഫിർ ലി ഹയ്യിനാ വ മയ്യിതിനാ വ ഷാഹിദിനാ വ ഗാഇബിനാ വ സ്വഗീരിനാ വ കബീറിനാ വ ദകരിനാ വ ഉൻഥാനാ അല്ലാഹുമ്മ മൻ അഹ്‌യയ്തഹു മിന്നാ ഫഅഹ്‌യിഹി അലൽ ഇസ്‌ലാം വമൻ തവഫ്ഫയ്തഹു മിന്നാ ഫതവഫ്ഫഹി അലൽ ഈമാൻ. അല്ലാഹുമ്മ ഇഗ്ഫിർ ലഹു വർഹംഹു വ ആഫിഹി വഅ്ഫു അൻഹു വ അക്‌രിം നുസ്‌ലഹു വവസ്സിഅ് മദ്ഖലഹു വഗ്സിൽഹു ബിൽ മാഇ വസ്സൽജി വൽ ബറദി വനഖ്ഖിഹി മിനൽ ഖതായാ കമാ യുനഖ്ഖഔബുൽ അബ്‌യദു മിനദ്ദനസി വ അബ്ദിൽഹു ദാറൻ ഖൈറൻ മിൻ ദാരിഹി വ അഹ്‌ലൻ ഖൈറൻ മിൻ അഹ്‌ലിഹി വ അദ്ഖിൽഹുൽ ജന്നത വ അഇദ്ഹു മിൻ അദാബിൽ ഖബ്‌രി, വ അദാബിന്നാരി വഫ്സഹ് ലഹു ഫീ ഖബ്‌രിഹി വനവ്വിർ ലഹു ഫീഹി അല്ലാഹുമ്മ ലാ തുഹർരിംനാ അജ്റഹു വലാ തുദില്ലനാ ബഅ്ദഹു

(അല്ലാഹുവേ, ഞങ്ങളിൽ നിന്നും ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ഇവിടെയുള്ളവർക്കും ഇല്ലാത്തവർക്കും ചെറിയവർക്കും വലിയവർക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും നീ പൊറുത്ത് തരേണമേ. അല്ലാഹുവേ, ഞങ്ങളിൽ നിന്നും ജീവിക്കാൻ വിടുന്നവരെ ഇസ്‌ലാമിൽ ജീവിപ്പിക്കുകയും മരിപ്പിക്കുന്നവരെ സത്യവിശ്വാസത്തോടെ മരിപ്പിക്കുകയും ചെയ്യേണമേ. അല്ലാഹുവേ, ഇദ്ദേഹത്തിന് നീ പൊറുത്തു കൊടുക്കുകയും ഇദ്ദേഹത്തോട് കരുണകാണിക്കുകയും ക്ഷേമം നൽകുകയും ഇദ്ദേഹത്തിന് മാപ്പ് നൽകുകയും ചെയ്യേണമേ. ഇദ്ദേഹത്തിന്റെ ആതിഥ്യത്തെ ആദരിക്കുകയും ഇദ്ദേഹത്തിന്റെ പ്രവേശനമാർഗ്ഗം വിശാലമാക്കുകയും ചെയ്യേണമേ. വെള്ളം,

മഞ്ഞ്, ആലിപ്പഴം എന്നിവകൊണ്ട് ഇദ്ദേഹത്തെ കുളിപ്പിക്കുകയും ശുഭ്രവസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കുന്നത്പോലെ പാപങ്ങളിൽ നിന്ന് ഇദ്ദേഹത്തെ ശുദ്ധമാക്കുകയും ചെയ്യേണമേ. ഇദ്ദേഹത്തിന് തന്റെ ഭവനത്തേക്കാൾ ഉത്തമമായ ഭവനവും കുടുംബത്തെക്കാൾ ഉത്തമമായ കുടുംബവും നീ പകരം നൽകേണമേ. ഇദ്ദേഹത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ഖബറിലെ ശിക്ഷയിൽ നിന്നും നരകശിക്ഷയിൽ നിന്നും ഇദ്ദേഹത്തെ സംരക്ഷിക്കുകയും ചെയ്യേണമേ. ഇദ്ദേഹത്തിന്റെ ഖബർ നീ വിശാലമാക്കിക്കൊടുക്കുകയും അതിൽ ഇദ്ദേഹത്തിന് പ്രകാശം ചൊരിയുകയും ചെയ്യേണമേ. അല്ലാഹുവേ, ഇതിന്റെ പ്രതിഫലം നീ ഞങ്ങൾക്ക് തടയരുതേ. ഇയാൾക്ക് ശേഷം ഞങ്ങളെ നീ വഴിപിഴപ്പിക്കരുതേ)

നാലാമത്തെ തക്ബീറിന് ശേഷം വലതുഭാഗത്തേക്ക് തിരിഞ്ഞ് സലാം പറയുക. ഓരോ തക്ബീർ ചൊല്ലുമ്പോഴും രണ്ട് കയ്യും ഉയർത്തൽ സുന്നത്താണ്. മയ്യിത്ത് സ്ത്രീയാണെങ്കിൽ اللهم اغفرلها എന്നും രണ്ട് മയ്യിത്തുകളുണ്ടെങ്കിൽ اللهم اغفر لهما എന്നും രണ്ടിൽ കൂടുതൽ മയ്യിത്തുകളുണ്ടെങ്കിൽ اللهم اغفر لهم എന്നും പറയണം. ഇനി അത് കുട്ടിയാണെങ്കിൽ പാപമോചന പ്രാർഥനക്കു പകരമായി താഴെ പറയുന്ന പ്രകാരം പ്രാർഥിക്കാം.

اللهم اجعله فرطا و ذخرا لوالديه وشفيعا مجابا اللهم ثقل به موازينهما واعظم به اجورهما والحقه بصالح سلف المؤمنين واجعله في كفالة ابراهيم عليه الصلاة والسلام وقه برحمتك عذاب الجحيم

അല്ലാഹുമ്മ ഇജ്അൽഹു ഫറതൻ വ ദുഖ്റൻ ലി വാലിദൈഹി വ ശഫീഅൻ മുജാബൻ. അല്ലാഹുമ്മ ഥഖ്ഖിൽ ബി

ഹി മവാസീനഹുമാ വ അഅ്ദിം ബിഹി ഉജൂറഹുമാ, വ അൽ ഹിഖ്ഹു ബി സ്വാലിഹ് സലഫിൽ മുഅ്മിനീന വജ്അൽഹു ഫീ കഫാലത്തി ഇബ്റാഹീമ അലൈഹിസ്സ്വലാത്തു വസ്സലാം വഖിഹി ബി റഹ്മതിക അദാബൽ ജഹീം.

(അല്ലാഹുവേ ഇവനെ ഇവൻെറ മാതാപിതാക്കൾക്ക് മുൻകൂട്ടി വച്ച പ്രതിഫലവും ഒരു നിക്ഷേപവും ഉത്തരം ലഭിക്കുന്ന ശുപാർശകനുമാക്കേണമേ. അല്ലാഹുവേ, ഇവൻ കാരണം മാതാപിതാക്കൾക്ക് നന്മയുടെ തുലാസിന് ഭാരം കൂട്ടുകയും രണ്ട്പേർക്കും മഹത്തായ പ്രതിഫലം നൽകുകയും ചെയ്യേണമേ. ഇവനെ സത്യവിശ്വാസികളായ ഉത്തമ പൂർവ്വികരിൽ നീ ചേർക്കുകയും ചെയ്യേണമേ. ഇബ്റാഹീം (അ)ൻെറ സംരക്ഷണത്തിൽ ഇവനെ നീ ആക്കുകയും നിൻെറ അനുഗ്രഹത്താൽ നരക ശിക്ഷയിൽ നിന്ന് ഇവനെ കാക്കുകയും ചെയ്യേണമേ).

മയ്യിത്ത് പുരുഷനാണെങ്കിൽ തലക്കുനേരെയും സ്ത്രീയാണെങ്കിൽ മധ്യത്തിലുമാണ് ഇമാം നിൽക്കേണ്ടത്. ഒന്നിലധികം മയ്യിത്തുകളുണ്ടെങ്കിൽ ഇമാമിൻെറ (ഏറ്റവും) അടുത്ത് പുരുഷൻെറ മയ്യിത്തും സ്ത്രീയുടേത് ഖിബ്‌ലയുടെ ഭാഗത്തും വെക്കണം. ഇതോടൊപ്പം കുട്ടികളുടെ മയ്യിത്ത് കൂടിയുണ്ടെങ്കിൽ ആൺകുട്ടികൾ, ശേഷം സ്ത്രീകൾ, പിന്നീട് പെൺകുട്ടികൾ എന്ന ക്രമം സ്വീകരിക്കണം. കുട്ടിയുടെ തല, സ്ത്രീയുടെ മധ്യഭാഗവും പുരുഷൻെറ തലയുടെ നേരെയും വരത്തക്കവിധം വെക്കണം. പെൺകുട്ടിയുടെ തല സ്ത്രീയുടെ തലയുടെ നേരെയും അവളുടെ മധ്യഭാഗം പുരുഷൻെറ തലയുടെ നേരെയും വരത്തക്കവിധം കിടത്തണം. മയ്യിത്ത് നമസ്കരി

ക്കുന്നവരെല്ലാം ഇമാമിൻെറ പിന്നിൽ നിൽക്കണം. ഇമാമിൻെറ പിന്നിൽ നിൽക്കാൻ സ്ഥലം കിട്ടാത്ത ഒരാളുണ്ടെങ്കിൽ അയാൾ ഇമാമിൻെറ വലതുഭാഗത്ത് നിൽക്കണം.

8. മയ്യിത്ത് മറവുചെയ്യുന്ന രൂപം:-

ഖബർ ഒരാളുടെ പകുതിയോളം ആഴമുണ്ടായിരിക്കണം. ഖിബ്‌ലയുടെ ഭാഗത്തായിരിക്കണം ശവക്കല്ലറ. അതിൽ മയ്യിത്ത് വലതുഭാഗം ചെരിച്ച് വെയ്ക്കണം. കഫൻ പുടവയുടെ കെട്ടഴിക്കുകയും വേണം. അത് ഊരിയെടുക്കേണ്ടതില്ല. മയ്യിത്ത് സ്ത്രീയായാലും പുരുഷനായാലും മുഖം തുറന്നിടരുത്. പിന്നെ അറയുടെ മുഖത്ത് ഇഷ്ടിക വെയ്ക്കണം. ഉള്ളിലേക്ക് മണ്ണ് വീഴാതിരിക്കാൻ കളിമണ്ണ് ഉപയോഗിക്കണം. ഇഷ്ടിക ലഭ്യമായില്ലെങ്കിൽ മണ്ണ് വീഴുന്നത് തടയാവുന്ന വിധം മറ്റു പലകക്കഷണങ്ങളോ കല്ലുകളോ മറ്റോ ഉപയോഗിക്കാവുന്നതാണ്. പിന്നെ അതിന്മേൽ മണ്ണ് കോരിയിടണം. മയ്യിത്ത് ഖബറിൽ വെക്കുമ്പോൾ بسم الله وعلى ملة رسول الله ബിസ്മില്ലാഹി വ അലാ മില്ലത്തി റസൂലില്ലാഹ് [അല്ലാഹുവിൻെറ നാമത്തിലും പ്രവാചകൻെറ മാർഗ്ഗത്തിലും] എന്ന് പറയൽ സുന്നത്താണ്. ഖബർ, സമതലത്തിൽ നിന്നും ഒരു ചാൺ ഉയർത്തുകയും അതിനുമുകളിൽ ചരൽക്കല്ലു വിതറുകയും വെള്ളം കുടയുകയും വേണം. മയ്യിത്ത് സംസ്കരണത്തിൽ പങ്കെടുത്തവർ ഖബറിനടുത്ത് വെച്ച് മയ്യിത്തിനുവേണ്ടി പ്രാർഥിക്കേണ്ടതാണ്. മയ്യിത്ത് മറവുചെയ്ത ശേഷം നബി(സ) അതിനടുത്തു നിന്ന് ഇങ്ങനെ പറഞ്ഞു: استغفروا لأخيكم واسألوا له التثبيت فإنه الآن يسأل [നിങ്ങൾ നിങ്ങളുടെ സഹോദരനുവേണ്ടി അല്ലാ

റസൂലവോട് പാപമോചനത്തിനർഥിക്കുകയും അവന് സ്ഥൈര്യം ലഭിക്കാൻ പ്രാർഥിക്കുകയും ചെയ്യുവിൻ. ഇപ്പോൾ അവൻ ചോദ്യം ചെയ്യപ്പെടുകയാണ്.]

9. മയ്യിത്ത് നമസ്കരിക്കാത്തവർക്ക് മറവ് ചെയ്തശേഷം ഖബറിനടുത്ത് വെച്ച് നമസ്കരിക്കാം. ഏകദേശം മറവ് ചെയ്ത ഒരു മാസമാകാറായതിന് ശേഷം നബി(സ) ഖബറിനടുത്ത് വെച്ച് നമസ്കരിച്ചിട്ടുണ്ട്. എന്നാൽ ഖബറിനടുത്ത് വെച്ച് ഒരുമാസം പിന്നിട്ടശേഷം നമസ്കരിക്കുന്നതിന് നബിചര്യയുടെ പിൻബലമില്ല.

10. മരിച്ച വീട്ടിലുള്ളവർ മറ്റുള്ളവർക്ക് ഭക്ഷണമുണ്ടാക്കി കൊടുക്കൽ അനുവദനീയമല്ല. പ്രമുഖ സഹാബിയായ ജരീർ ബിൻ അബ്ദുല്ലാഹ് അൽ ബജലി(റ) പറഞ്ഞു: 'മരണപ്പെട്ടയാളുടെ വീട്ടിൽ മയ്യിത്ത് മറവുചെയ്തതിനുശേഷം ആളുകൾ ഒത്തുകൂടുന്നതും ഭക്ഷണം ഉണ്ടാക്കുന്നതും എല്ലാം നിരോധിക്കപ്പെട്ട വിലാപമായാണ് ഞങ്ങൾ കണക്കാക്കിയിരുന്നത്'. എന്നാൽ മരിച്ചയാളുടെ വീട്ടുകാർക്കും അവരുടെ അതിഥികൾക്കും വേണ്ടി മറ്റുള്ളവർ ഭക്ഷണം ഉണ്ടാക്കുന്നതിൽ വിരോധമില്ല. മയ്യിത്തിന്റെ കുടുംബങ്ങളും അയൽക്കാരും മരിച്ചവന്റെ വീട്ടുകാർക്കുവേണ്ടി ഭക്ഷണം പാകം ചെയ്തു കൊടുക്കുകയാണ് വേണ്ടത്. സിറിയയിൽ വെച്ച് ജഅ്ഫർ ബിൻ അബീ ത്വാലിബ് (റ) മരണപ്പെട്ട വിവരമറിഞ്ഞപ്പോൾ നബി(സ) തന്റെ കുടുംബത്തോട് ജഅ്ഫർ (റ) ന്റെ വീട്ടുകാർക്ക് വേണ്ടി ഭക്ഷണം പാകം ചെയ്തു കൊടുക്കാൻ കല്പിച്ചു. അവിടുന്ന് പറഞ്ഞു: انه أتاهم مايشغلهم (നിശ്ചയമായും അവരെ വ്യാകുലപ്പെടുത്തുന്ന ഒരു കാര്യം അവർക്ക് വന്നെത്തിയിരിക്കുന്നു) മരിച്ചവ

ന്റെ വീട്ടുകാർക്ക് ലഭിച്ച ഭക്ഷണത്തിൽ മറ്റുള്ളവർക്ക് പങ്കാളികളാകാവുന്നതാണ്. ഇക്കാര്യത്തിന് നിശ്ചിതമായ സമയപരിധി ഉള്ളതായി അറിയില്ല.

11. ഒരു സ്ത്രീക്കും, ഭർത്താവിന് വേണ്ടിയല്ലാതെ മൂന്ന് ദിവസത്തിൽ കൂടുതൽ ദുഃഖാചരണം പാടില്ല. ഭർത്താവിന് വേണ്ടി ഭാര്യ നാല് മാസവും പത്ത് ദിവസവുമാണ് ദുഃഖമാചരിക്കേണ്ടത്. ഇങ്ങനെയാണ് ഹദീസിൽ സ്ഥിരപ്പെട്ടു വന്നത്. അവൾ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരെ (ദുഃഖാചരണം നടത്തിയാൽ മതി). എന്നാൽ പുരുഷന്മാർക്ക് ഒരാളുടെ പേരിലും- അത് കുടുംബക്കാരോ മറ്റുള്ളവരോ ആവട്ടെ -ദുഃഖാചരണം പാടില്ല.

12. മരണപ്പെട്ടവർക്ക് വേണ്ടി ദൈവാനുഗ്രഹം തേടാനും അവർക്ക് വേണ്ടി പ്രാർഥിക്കാനും മരണവും അനന്തര ജീവിതവും ഓർമിക്കാനും പുരുഷന്മാർക്ക് ഇടക്കിടെ ഖബർ സന്ദർശിക്കാവുന്നതാണ്. നബി(സ) പറഞ്ഞു: زوروا القبور فانها تذكركم الآخرة (നിങ്ങൾ ഖബറുകൾ സന്ദർശിക്കുക. അത് നിങ്ങൾക്ക് പരലോകത്തെക്കുറിച്ച് ബോധമുണ്ടാക്കും -മുസ്‌ലിം). ഖബറുകൾ സന്ദർശിക്കുമ്പോൾ സലാം പറയുന്ന രീതി നബി(സ) സ്വഹാബിമാരെ പഠിപ്പിച്ചിരുന്നു:

السلام عليكم اهل الديار من المؤمنين والمسلمين وانا ان شاء الله بكم لاحقون نسال الله لنا ولكم العافية يرحم الله المستقدمين منا والمستاخرين അസ്സലാമു അലൈക്കും അഹ്‌ലദ്ദിയാരി മിനൽ മുഅ്മിനീന വൽ മുസ്‌ലിമീൻ. വഇന്നാ ഇൻഷാ അല്ലാഹു ബികും ലാഹിഖൂൻ. നസ്അലുല്ലാഹ ലനാ വലകുമുൽ ആഫിയഃ യർഹമുല്ലാഹുൽ മുസ്തഖ്ദിമീന മിന്നാ വൽ മുസ്തഅ്ഖിരീൻ.

[മുസ്‌ലിംകളും മുഅ്മിനുകളുമായി ഈ ഭവനങ്ങളിൽ കഴി യുന്നവരെ, നിങ്ങൾക്ക് അല്ലാഹുവിന്റെ ശാന്തിയുണ്ടാവട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ നിശ്ചയം ഞങ്ങളും നിങ്ങളോടൊത്ത് ചേരും. ഞങ്ങൾക്കും നിങ്ങൾക്കും വേണ്ടി അല്ലാഹുവിനോട് ക്ഷേമത്തിനായി ഞങ്ങൾ പ്രാർഥിക്കുന്നു. നമ്മിൽ നേരത്തെ പോയവർക്കും വൈകി എത്തുന്നവർക്കും അല്ലാഹുവിന്റെ കാരുണ്യം ഉണ്ടാവട്ടെ].

എന്നാൽ സ്ത്രീകൾ ഖബർ സന്ദർശിക്കരുത്. ഖബർ സന്ദർശിക്കുന്ന സ്ത്രീകളെ നബി(സ) ശപിച്ചിരിക്കുന്നു. അവരിൽ നിന്ന് സഹനക്കുറവും മറ്റു കുഴപ്പങ്ങളും ഭയന്നാണിത്. മയ്യിത്തിന്റെ കൂടെ ഖബർ സ്ഥാനിലേക്ക് അവർ പോകരുത്. നബി(സ) ഇതിൽ നിന്നെല്ലാം അവരെ തടഞ്ഞിട്ടുണ്ട്. എന്നാൽ പള്ളിയിൽ വച്ചോ നമസ്കാരത്തിന് സജ്ജമാക്കിയ സ്ഥലത്ത് വെച്ചോ മയ്യിത്ത് നമസ്കരിക്കുന്നത് പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരു പോലെയുള്ള മതനിയമമാണ്.

وصلى الله وسلم على نبينا محمد وعلى آله وصحبه

സമാപ്തം

# الدروس المهمة لعامة الأمة

تاليف سماحة الشيخ

**عبدالعزيز بن عبدالله بن باز**

- رحمه الله -

ليباري - ٢٧٠

ترجمة

**علوي كوتي بن أحمد**

المترجم بالمكتب التعاوني للدعوة والإرشاد بسلطانة

ردمك : ٩٩٦٠-٨٢٨-٣١-X

المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
Email : Sultanah22@hotmail.com

he Co-operative office for Call & foreigners Guidance at Sulta